മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, കൊല്ലം ആയൂർ റോഡിലെ മുട്ടയ്ക്കാവ് പാലത്തിന് 105.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും 139 ലക്ഷം രൂപയ്ക്ക് സാങ്കേതിക അനുമതി നൽകുകയും ചെയ്തു. പ്രസ്തുത പണി ചെയ്യുന്നതിനായി 78.56 ശതമാനം അധികമായി കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏല്പിക്കുകയും ചെയ്തു. കാലാവധി നീട്ടിയിട്ടും പണി വേണ്ടത്ര പുരോഗതിയിലല്ലാത്തതിനാൽ റിസ്ക് ആന്റ് കോസ്റ്റ് വ്യവസ്ഥയിൽ കരാർ ഒഴിവാക്കി. ബാക്കി പണികൾക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് 1996-ലെ നിരക്കിൽ അംഗീകരിക്കുകയും രണ്ട് പ്രാവശ്യം ദർഘാസ് ക്ഷണിച്ചിട്ടും പ്രതികരണം ഇല്ലാത്തതിനാൽ കമ്മട്ടേഷൻ ക്ഷണിക്കാൻ നിർദ്ദേശം നൽകിയിരിക്കുകയുമാണ്. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീം പ്രകാരം അനുവദിച്ച പാലമായതിനാൽ ധനസഹായ കാലാവധി നീട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പരവൂർ മുൻസീഫ് കോടതി നിർമ്മാണത്തിനായി 2003 ഡിസംബറിൽ ശ്രീ. ബാബു എന്ന കരാറുകാരൻ എഗ്രിമെന്റ് വച്ചു. 56 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക. 2004 ഡിസംബറിൽ കാലാവധി തീരുന്നതിനുമുമ്പായി 15 ശതമാനം പണികൾ മാത്രമേ തീർന്നുള്ളൂ. പണി തീർക്കുന്നതിനുവേണ്ടി കോൺട്രാക്ടർ കൂടുതൽ സമയം ആവശ്യപ്പെടുകയോ പണി തുടങ്ങാൻ തയ്യാറാകുകയോ ചെയ്തില്ല. ആയതിനാൽ റിസ്ക് ആന്റ് കോസ്റ്റ് വ്യവസ്ഥയിൽ കരാർ റദ്ദാക്കി റിസ്ക് ആന്റ് കോസ്റ്റിൽ ബാക്കി പണികൾ ചെയ്യുന്നതിന് ടെണ്ടർ നടപടികൾ ആവശ്യമായതിനാൽ 15-3-2006-ൽ ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു.

(9) ക്ഷീര കർഷകർക്ക് പെൻഷൻ പദ്ധതി

ശ്രീ. ടി. കെ. ദേവകുമാർ: സർ, കോളിംഗ് അറ്റൻഷനായി തന്നതാണ്. സബ്മിഷനായി അവതരിപ്പിച്ച് പെട്ടെന്ന് പൂർത്തിയാക്കാം. കേരളത്തിലെ മുഴുവൻ ക്ഷീര കർഷകരേയും സംബന്ധിച്ച പ്രശ്നമാണ്. ക്ഷീര കർഷകർക്കുവേണ്ടി കേരള ക്ഷീര കർഷക ക്ഷേമ ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ഇതിൽ അടിയന്തിരമായി ഒരു പരിശോധന ഉണ്ടാകേണ്ടിയിരിക്കുന്നു എന്നുള്ളതാണ് പ്രധാനമായും ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. കേരളത്തിൽ മറ്റെല്ലാ പെൻഷനുകൾക്കും പ്രായപരിധി 60 ആയിരിക്കേ ക്ഷീര കർഷകരുടെ പെൻഷന് 65 വയസ്സാണെന്നാണ് ഓർഡിനൻസിൽ പറയുന്നത്. അതോടൊപ്പംതന്നെ പെൻഷൻ നൽകുന്നതിനുള്ള വിഭവ സമാഹരണം പൂർണ്ണമായും പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളിൽനിന്നാണ്. പ്രതിദിനം ലഭിക്കുന്ന ഓരോ ലിറ്റർ പാലിനും 25 പൈസ ക്രമത്തിൽ വൻതുകയാണ് പ്രാഥമിക സംഘങ്ങളിലേക്ക് അടയ്ക്കേണ്ടിവരുന്നത്. ക്ഷേമനിധിയിൽനിന്നും പെൻഷൻ അല്ലാതെ മറ്റെന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുമെന്ന് ഈ ഓർഡിനൻസിൽ പറയുന്നില്ല. ഉദാഹരണത്തിന് ചികിത്സാ സഹായം, പെൺമക്കളുടെ വിവാഹം, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നിവയ്ക്ക് ക്ഷേമനിധിയിൽനിന്നും ഒരു ആനുകൂല്യവും പറയുന്നില്ല. അതുപോലെ പ്രാഥമിക സംഘങ്ങളിൽനിന്നും അന്യ സംസ്ഥാനങ്ങളിൽനിന്നും പാൽ സംഭരിച്ച് വിതരണം ചെയ്യുക വഴി മിൽമയ്ക്ക് ലഭിക്കുന്ന ലാഭത്തിൽനിന്നും യാതൊരു പങ്കും

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമനിധിയിലേക്ക് വരുന്നതായി ഓർഡിനൻസിൽ കാണുന്നില്ല. സർക്കാരിന്റെ പങ്ക് എന്താണെന്നും ഓർഡിനൻസിൽ വ്യക്തമാക്കിയിട്ടില്ല. എന്റെ നാട്ടിലുള്ള ഒരു സംഘം പ്രതിമാസം ശരാശരി 20,000 ലിറ്റർ പാൽ സംഭരിക്കുന്നു. ഈ ഓർഡിനൻസ് പ്രകാരം ക്ഷേമനിധി വിഹിതമായി ആ സംഘം 5,000 രൂപ മാസം അടയ്ക്കണം. അങ്ങനെ സംഘത്തിൽ 10 വർഷമായി തുടർച്ചയായി 500 ലിറ്റർ പാൽ അളന്നിട്ടുള്ള 65 വയസ്സ് കഴിഞ്ഞ 7 ക്ഷീര കർഷകർക്കാണ് 5,000 രൂപ മാസം അടയ്ക്കുന്ന സംഘത്തിൽ പെൻഷന് അർഹതയുള്ളത്. 250 രൂപ ക്രമത്തിൽ ഇവർക്ക് പെൻഷൻ കൊടുത്താൽ ഫണ്ടിൽനിന്ന് ചെലവഴിക്കേണ്ടിവരുന്നത് കേവലം 1,750 രൂപയാണ്. 1,750 രൂപ പെൻഷൻ ഇനത്തിൽ കിട്ടുന്ന ആ സംഘം 5000 രൂപ മാസം പിരിച്ച് അടയ്ക്കണം. അതായത് 3,250 രൂപ ഈ സംഘത്തിന്റേത് മാത്രം. 10 വർഷം പാൽ അളന്നിട്ടുള്ളവർക്കു മാത്രമേ പെൻഷൻ ലഭിക്കുകയുള്ളൂ എന്നുള്ളതുകൊണ്ട് 1996-നുശേഷം പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഒരു സംഘത്തിലേയും ഒരു കർഷകനും ഈ പെൻഷൻ പരിധിയിൽ വരുന്നില്ല എന്നുള്ളതാണ് പ്രത്യേകത. ഇത്തരം സംഘങ്ങളിലും ഇപ്പോൾ ഉള്ള പാലിന്റെ തോത് അനുസരിച്ച് ക്ഷേമനിധി വിഹിതം പിരിക്കാനാണ് ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 1996-നുശേഷം ഉണ്ടായ സംഘത്തിൽ ഒരാളിനും പെൻഷൻ കിട്ടുകയില്ല. പക്ഷേ അവരിൽനിന്നും ഈ കണക്കനുസരിച്ച് പിരിക്കാനാണ് ഈ ഓർഡിനൻസിൽ പറഞ്ഞിരിക്കുന്നത്. സംഘത്തിൽനിന്നും പ്രതിമാസം 5,000 രൂപ ക്രമത്തിൽ 60,000 രൂപ അടയ്ക്കേണ്ടിവരുമ്പോൾ ഓണത്തിന് കർഷകർക്ക് കൊടുക്കുന്ന ലാഭവിഹിതത്തിൽ കുറവ് സംഭവിക്കുന്നു. മറ്റൊരു ന്യൂനത ചൂണ്ടിക്കാണിക്കാനുള്ളത്, 10 വർഷത്തിനു താഴെ കാലയളവിൽ കന്നുകാലികളെ വളർത്തുന്നവരും 40-50 വയസ്സ് പ്രായക്കാരുമായ കർഷകർക്ക് ഈ പെൻഷൻ ലഭിക്കുകയില്ലായെന്ന് ഉറപ്പാണെങ്കിലും അവരെയും ഉൾപ്പെടുത്തി ക്ഷേമനിധിയിൽ നിന്നും പിരിക്കണമെന്നുള്ള പുതിയ നിർദ്ദേശം വരുന്നതായി അറിയുന്നു. ക്ഷേമനിധി വിഹിതമായി നിശ്ചയിച്ചിരിക്കുന്ന 25 പൈസ എന്നു പറയുന്നത് 13 പൈസ കർഷകരിൽനിന്നും 9 പൈസ മിൽമയിൽനിന്നും 3 പൈസ പ്രൈമറി സംഘങ്ങളിൽ നിന്നുമായി സംഭരിക്കുകയെന്നു പറയുമ്പോൾ ഫലത്തിൽ ഇതും ക്ഷീര കർഷകർക്ക് ഗുണമാകുകയില്ല. കാരണം പ്രതിദിനം രണ്ട് ലിറ്റർ പാൽ അളക്കുന്ന ഒരാളിന് 26 പൈസ ക്രമത്തിൽ ഇത് ചെയ്യേണ്ടിവരും. ആയതിനാൽ ഈ ഓർഡിനൻസിനെ കുറിച്ച് സജീവമായി പരിശോധിക്കുകയും ഇതിന്റെ പോരായ്മകൾ പരിഹരിച്ച് ക്ഷീര കർഷകർക്ക് ഗുണം കിട്ടത്തക്കവിധത്തിൽ, പാൽ സംഘങ്ങൾക്ക് ദോഷകരമാകാത്ത വിധത്തിൽ, ബഹുമാനപ്പെട്ട കെ. ആർ. ഗൗരിയമ്മ മുൻകയ്യെടുത്ത് ഓർഡിനൻസിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ തയ്യാറാകണം.

[അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ]

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കേരളത്തിൽ 14 ലക്ഷത്തോളം കുടുംബങ്ങൾ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുകയാണ്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട 3268 പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട് രണ്ട് ലക്ഷത്തിലധികം കർഷകർ പാൽ

LIBRARY ARCHIVES Kerala Legislative Assembly

വിതരണം നടത്തുന്നുണ്ട്. പ്രതിദിനം ശരാശരി 10 ലക്ഷം ലിറ്റർ പാൽ കേരളത്തിലെ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ സംഭരിക്കുന്നു. ഇതിൽ തദ്ദേശ വില്പന വഴി 7 ലക്ഷത്തിലധികം ലിറ്റർ പാൽ കേന്ദ്ര സംഘങ്ങളായ മേഖലാ യൂണിയനുകൾക്ക് നൽകുന്നു. മേഖലാ യൂണിയനും സംസ്ഥാന ഫെഡറേഷനും മിൽമ എന്നുള്ള വ്യാപാര നാമത്തിൽ പാലും പാൽ ഉൽപ്പന്നങ്ങളും വിപണനം ചെയ്യുന്നു. സഹകരണ ശൃംഖലയിൽ ഉൾപ്പെട്ട സംസ്ഥാനത്തെ ക്ഷീര വികസന രംഗത്ത് പ്രവർത്തിക്കുന്ന ക്ഷീര കർഷക സംഘാംഗങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി സംസ്ഥാന സർക്കാർ ക്ഷീര കർഷക ക്ഷേമനിധി ഓർഡിനൻസ് പുറപ്പെടുവിച്ചു. ക്ഷീര കർഷക ക്ഷേമനിധിയിൽ ഉൾപ്പെടുത്തി പ്രതിവർഷം 500 ലിറ്റർ പാലെങ്കിലും പ്രാഥമിക ക്ഷീര സഹകരണ സംഘം വഴി 10 വർഷക്കാലം വിപണനം നടത്തിയ ക്ഷീര കർഷകർക്ക് 60 വയസ്സ് പ്രായം തികയുമ്പോൾ മുതൽ പ്രതിമാസം 250 രൂപ നിരക്കിൽ പെൻഷൻ നൽകുന്നതാണ്. പെൻഷൻ ലഭിക്കുന്ന ആൾ മരണപ്പെട്ടുപോകുന്ന സാഹചര്യത്തിൽ 125 രൂപ നിരക്കിൽ കുടുംബ പെൻഷൻ നൽകുന്നതാണ്. അവശരായ ക്ഷീര കർഷകർക്ക് ആശ്വാസം നൽകാൻ 5,000 രൂപ ധനസഹായം ഒറ്റത്തവണ നൽകാനും വ്യവസ്ഥയുണ്ട്. ഇതിൽ ഉൾപ്പെടുത്തി ഇൻഷ്വറൻസ് പരിപാടികൾക്കും സാമൂഹ്യ സുരക്ഷാ നടപടികൾക്കും ആലോചനയുണ്ട്. ഒരു സ്വാശ്രയ പദ്ധതിയായി വിഭാവനം ചെയ്ത ക്ഷീര കർഷക ക്ഷേമനിധിയിലേക്ക് സർക്കാർ ആദ്യ ഘട്ടമെന്നുള്ള നിലയ്ക്ക് ഒരു കോടി രൂപ നൽകുന്നതാണ്. സഹകരണ സംഘങ്ങൾ സംഭരിക്കുന്ന ഓരോ ലിറ്റർ പാലിനും 25 പൈസ നിരക്കിൽ അംശദായം വസൂലാക്കിയാണ് ഇപ്പോൾത്തന്നെ നടപ്പിലാക്കുന്നത്. മിൽമ മുൻകാലത്ത് പാൽ വില വർദ്ധിപ്പിച്ചപ്പോൾ ക്ഷേമ പരിപാടികൾക്കായി നീക്കിവച്ച 13 പൈസ കർഷകരിൽനിന്നും 3 പൈസ പ്രാഥമിക ക്ഷീര സംഘങ്ങളിൽനിന്നും 9 പൈസ മിൽമയിൽനിന്നും ആനുപാതിക വിഹിതം നൽകാനും തീരുമാനമായിട്ടുണ്ട്. പ്രാഥമിക ക്ഷീര സഹകരണ സംഘം തദ്ദേശ വില്പന നടത്തുന്ന ഓരോ ലിറ്റർ പാലിനും മിൽമയുടെ വിഹിതമായി 9 പൈസ കൂടി പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ നൽകണം. ഇപ്പോഴത്തെ സ്ഥിതിയെന്നു പറയുന്നത് ക്ഷീര സഹകരണ സംഘങ്ങളിലെ സജീവ അംഗങ്ങളിൽ 30 ശതമാനം പേരും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതുവരെയായി 1,03,100 ക്ഷീര കർഷകർ അംഗത്വ ഫീസായ 100 രൂപ അടച്ച് ക്ഷീര കർഷക ക്ഷേമനിധിയിൽ അംഗത്വത്തിന് അപേക്ഷിച്ചിട്ടുണ്ട്. അടുത്ത മൂന്നു മാസത്തിനുള്ളിൽ അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തി അർഹരായവർക്ക് പെൻഷൻ വിതരണം ചെയ്യുന്നതാണ്. 74,60,341 രൂപ അംശദായമായി പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ ക്ഷീര കർഷക ക്ഷേമനിധിയിലേക്ക് ഇതുവരെ അടച്ചിട്ടുണ്ട്. കേരളത്തിലെ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ നൽകുന്ന മുഴുവൻ ക്ഷീര കർഷകരേയും ഈ പദ്ധതിയുടെ ആനുകൂല്യങ്ങളിൽ അർഹരാകുന്നവിധം പ്രവർത്തനം ഊർജ്ജിതമാക്കുന്നതാണ്. പ്രതിവർഷം 500 ലിറ്റർ നിരക്കിൽ 10 വർഷം പാൽ നൽകുന്ന ഒരു കർഷകൻ ഏറ്റവും കുറഞ്ഞത് 5000 ലിറ്റർ പാൽ നൽകുമ്പോൾ അംശദായ വിഹിതം ലിറ്ററിന് 13 പൈസ നൽകുന്നതായി കണക്കാക്കിയാൽ തുച്ഛമായ 650 രൂപ മാത്രം ക്ഷീര കർഷക ക്ഷേമനിധിയിലേക്ക് അടയ്ക്കുന്നുള്ളൂ. അയാൾ

LIBRARY ARCHIVES Kerala Legislative Assembly

80 വയസ്സുവരെ ജീവിക്കുന്നുവെന്ന് കണക്കാക്കിയാൽ പ്രതിമാസം 250 രൂപ നിരക്കിൽ ആകെ 60,000 രൂപ പെൻഷനായി മാത്രം ലഭിക്കുന്ന ആകർഷകമായ പദ്ധതിയാണിത്. ക്ഷീര കർഷക സംഘങ്ങൾക്ക് കർഷകർ നൽകുന്ന ഓരോ ലിറ്റർ പാലിനും നിശ്ചിത നിരക്കിൽ അംശദായം നൽകുമ്പോൾ കൂടുതൽ പാൽ സംഭരിക്കുന്ന സംഘങ്ങൾക്കും കൂടുതൽ പാൽ നൽകുന്ന കർഷകർക്കും ആനുപാതികമായി കൂടുതൽ തുക അംശദായമായി അടയ്ക്കേണ്ടിവരുന്നുണ്ട്. ഈ കാര്യത്തിൽ പ്രായോഗികത പഠിച്ച് ക്ഷീര കർഷക ക്ഷേമനിധി ബോർഡ് നിർദ്ദേശം സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ അത് പരിഗണിക്കുമെന്ന് പറഞ്ഞ് അവരിൽനിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരള സർക്കാർ ക്ഷീര വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഒരു പരിപാടി ആയതിനാൽ തുച്ഛമായ അധികച്ചെലവു മാത്രമേ ഉണ്ടാകുകയുള്ളൂ. നാമമാത്രമായ ഉദ്യോഗസ്ഥർ മതിയെന്നുള്ളതുകൊണ്ട് ഉദ്യോഗസ്ഥരുടെ ചെലവും കാര്യമായി ഉണ്ടാകുന്നില്ല. സംഘങ്ങളിൽ ഇല്ലാത്തവർക്ക് പെൻഷൻ കൊടുക്കുകയെന്നു പറഞ്ഞാൽ ശ്രമകരമായ ജോലിയാണ്. കേരളത്തിൽ ഏതാണ്ട് 14 ലക്ഷത്തോളം കുടുംബങ്ങൾ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിട്ടുണ്ട്. ക്ഷീര സഹകരണ സംഘവുമായി ബന്ധപ്പെട്ട് പാൽ വിതരണം നടത്തുന്ന രണ്ട് ലക്ഷത്തിലധികം വരുന്ന കർഷകരുടെ ലിസ്റ്റ് എടുത്ത് പെൻഷൻ കൊടുക്കുന്നത് സമഗ്രമായ ജോലിയായിരിക്കും. മറ്റ് കാര്യങ്ങൾ പരിശോധിക്കാം. ഇപ്പോൾ ഈ നിയമം പ്രായോഗികമായി നടപ്പിലാക്കിത്തുടങ്ങുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : എൻട്രി ടാക്സ് ഏർപ്പെടുത്തിയാൽ സൊസൈറ്റിയേയും കൃഷിക്കാരേയും മിൽമയേയും ഉൾപ്പെടുത്താതെ ടാക്സ് ഈടാക്കാം. ഞാൻ ഒരു കൃഷിക്കാരനായതുകൊണ്ട് പറയുകയാണ്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : എൻട്രി ടാക്സ് നോക്കുന്നത് ഫിനാൻസ് ആണ്. ഞാൻ നോക്കിയിട്ടില്ല.

(10) കേരളത്തിലെ കടലോരം സംരക്ഷിക്കാനുള്ള കേന്ദ്ര പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച്

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം സ്ഥലങ്ങളിൽ ഒന്നായി കേരളം മാറിയിരിക്കുകയാണ്. ഇന്ന് ലോകത്തിലെ മൂന്ന് പ്രധാനപ്പെട്ട ടൂറിസം രാജ്യങ്ങളിൽ ഒന്നാമതായി കേരളത്തെ

12.00 NOON] തരംതിരിച്ചിരിക്കുകയാണ്. നമ്മുടെ കടലോര തീരപ്രദേശങ്ങൾ ടൂറിസത്തിന് വളരെയേറെ ആകർഷണീയമായ സ്ഥലങ്ങളാണ്. ഈ കടലോരത്തെ സംരക്ഷിക്കുന്നതിനും സൗന്ദര്യവൽക്കരി ക്കുന്നതിനും വേണ്ടി കേന്ദ്ര സർക്കാരിൽനിന്നും നമുക്ക് ലഭിച്ചിട്ടുള്ള വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. നേരത്തേ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കാനും പുതിയതായി അനുവദിച്ച പരിപാടികൾ സമയബന്ധിതമായി തീർക്കാനും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly